(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് എസ്.എ.ടി. ഹോസ്പിറ്റൽ സൂപ്രണ്ടിന് പരാതി നല്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരിക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സംഭവത്തെക്കുറിച്ച് എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് അന്വേഷണം നടത്തുകയും പ്രസ്തുത ജീവനക്കാരിയെ തൽസ്ഥാനത്തു നിന്ന് മാറ്റുകയും ചെയ്തു.

(ഡി) എസ്.എ.ടി. ആശുപത്രിയിൽ ഡെങ്കിപ്പനി സംബന്ധിച്ച് പൊതുജനങ്ങളുടെ വിവര വിനിമയത്തിന് സഹായം നല്കാനായി രാവിലെ 6 മണി മുതൽ വൈകിട്ട് 5 മണിവരെ പ്രത്യേക ഇൻഫർമേഷൻ കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. ഡെങ്കിപ്പനി ബാധിച്ചുവരുന്ന രോഗികൾക്ക് പൊതുവായ ക്യൂവിൽ നിന്ന് ഡോക്ടറെ കാണുന്നതിനുപകരം പ്രത്യേകമായി ഡോക്ടറെ നേരിട്ട് കാണുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ പെരുമാറുന്ന ജീവനക്കാർക്കെതിരേ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ

161 (3115) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെഎച്ച്ആർഡബ്ല്യൂഎസ് പേവാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ ആശുപത്രിയിലെ പേവാർഡിൽ നിന്നും സൊസൈറ്റിക്ക് ലഭിക്കുന്ന വരുമാനം വെളിപ്പെടുത്തുമോ ;

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് നടത്തുവാൻ കഴിയുമെന്ന് പറയാമോ ?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ 2001-ാമാണ്ട് ആഗസ്റ്റിനുശേഷം നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിവർഷം പതിനാല് ലക്ഷത്തോളം രൂപ വരുമാനം ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത പേവാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടവുക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

162 (3116) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടവുകോട് സി.എച്ച്സി.യിൽ എത്രപേരെ കിടത്തി ചികിത്സിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട് ; നിലവിൽ എത്ര പേരെ കിടത്തി ചികിത്സിക്കുന്നു ; 1996-2001 കാലഘട്ടത്തിൽ എത്രപേരെ വീതം കിടത്തി ചികിത്സിച്ചിരുന്നുവെന്നും മൊത്തം എത്ര പേരെ കിടത്തി ചികിത്സിക്കാനുള്ള വാർഡ് സൗകര്യം സി.എച്ച്.സി.യിൽ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) വാർഡ് സൗകര്യത്തിനനുസൃതമായി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള അനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ദൈനംദിന എത്ര ഔട്ട്പേഷ്യന്റ്സ് ചികിത്സയ്ക്കായി എത്തുന്നുവെന്നും അവർക്കും ഇൻപേഷ്യൻസിനും ആവശ്യമായ മരുന്നും സാമഗ്രികളും ലഭ്യമാണോ എന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സി.എച്ച്സി.യുടെ നോംസും ആവശ്യകതയും കണക്കിലെടുത്ത് കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും സ്റ്റാഫിനേയും മരുന്നും മറ്റു സാമഗ്രികളും ടെസ്റ്റ് ലബോറട്ടറിയും എക്സ്റേ യൂണിറ്റും ബ്ലഡ്ബാങ്കും ആംബുലൻസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) വേൾഡ് ബാങ്ക് സഹായത്തോടെ സി. എച്ച്. സി. പുനരുദ്ധരിക്കുന്നതിനും പുതിയ കെട്ടിടങ്ങളും വാർഡുകളും പണിയുന്നതിനും ലബോറട്ടറി, എക്സ്റേ യൂണിറ്റും, ഇ.സി.ജി., ഓക്സിജൻ, ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം തുടങ്ങിയവ എല്ലാം സജ്ജീകരിക്കാനുള്ള സി.എച്ച്.സി.കളുടെ ലിസ്റ്റിൽ വടവുകോട് സി.എച്ച്.സി.യെക്കൂടി ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ ;

(എഫ്) ഈ സി.എച്ച്.സി.യിലെ വിമൻ ആന്റ് ചിൽഡ്രൻ വാർഡും പഴയ ലേബർ റൂമും രോഗികൾക്കും പ്രസവത്തിനു വരുന്നവർക്കും ഉപയോഗിക്കാൻ കഴിയുന്നവിധം പുനഃസജ്ജീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 50 പേരെ കിടത്തി ചികിത്സിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 50 പേരെ കിടത്തി ചികിത്സിക്കുന്നു. 1996 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ കിടത്തി ചികിത്സിച്ചവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ടി. സി.എച്ച്.സി.യിൽ 50 പേരെ കിടത്തി ചികിത്സിക്കാനുള്ള വാർഡ് സൗകര്യം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly